## പതിമൂന്നാം കേരള നിയമസഭ

# പരിസ്ഥിതി സംബന്ധിച്ച സമിതി
# (2014-2016)

## എട്ടാമത് റിപ്പോർട്ട്

(2014 ഡിസംബർ 4-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**[പരിസ്ഥിതി സംബന്ധിച്ച സമിതി (2009-2011)-യുടെ പത്താമത് റിപ്പോർട്ടിലെ (എരുമേലി, പമ്പ, ശബരിമല എന്നിവിടങ്ങളിലെ പാരിസ്ഥിതിക മലിനീകരണ പ്രശ്നങ്ങൾ സംബന്ധിച്ച്) ശിപാർശകളിന്മേൽ/നിർദ്ദേശങ്ങളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളെ സംബന്ധിച്ച്]**

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2014

പതിമൂന്നാം കേരള നിയമസഭ

# പരിസ്ഥിതി സംബന്ധിച്ച സമിതി

# (2014-2016)

## എട്ടാമത് റിപ്പോർട്ട്

(2014 ഡിസംബർ 4-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**[പരിസ്ഥിതി സംബന്ധിച്ച സമിതി (2009-2011)-യുടെ പത്താമത് റിപ്പോർട്ടിലെ (എരുമേലി, പമ്പ, ശബരിമല എന്നിവിടങ്ങളിലെ പാരിസ്ഥിതിക മലിനീകരണ പ്രശ്നങ്ങൾ സംബന്ധിച്ച്) ശിപാർശകളിന്മേൽ നിർദ്ദേശങ്ങളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളെ സംബന്ധിച്ച്]**

1/2015.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| മുഖവുര | .. | vii |
| അദ്ധ്യായം I : റിപ്പോർട്ട് | .. | 1 |
| അദ്ധ്യായം II : സമിതിയുടെ ശിപാർശകളും അതിന്മേൽ വിവിധ വകുപ്പുകൾ സ്വീകരിച്ച നടപടികളും | .. | 2 |
| അദ്ധ്യായം III : ഇനിയും മറുപടി ലഭിക്കാനുള്ള ശിപാർശ | .. | 18 |

# പരിസ്ഥിതി സംബന്ധിച്ച സമിതി

# (2014-2016)

**ഘടന**

അദ്ധ്യക്ഷൻ :

ശ്രീ. സി. പി. മുഹമ്മദ്

അംഗങ്ങൾ :

ശ്രീ. റ്റി. എ. അഹമ്മദ് കബീർ

ശ്രീ. എ. എം. ആരിഫ്

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ

പ്രൊഫ. സി. രവീന്ദ്രനാഥ്

ശ്രീ. മുല്ലക്കര രത്നാകരൻ

ശ്രീ. കെ. എം. ഷാജി

ശ്രീ. എം. വി. ശ്രേയാംസ് കുമാർ

ശ്രീ. പി. സി. വിഷ്ണുനാഥ്

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. പി. ഡി. ശാരംഗധരൻ, സെക്രട്ടറി

ശ്രീ. റ്റി. മനോഹരൻ നായർ, ജോയിന്റ് സെക്രട്ടറി

ശ്രീ. ജി. മാത്യൂക്കുട്ടി, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. ആർ. മോഹനദാസ്, അണ്ടർ സെക്രട്ടറി.

# മുഖവുര

പരിസ്ഥിതി സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ നിയോഗാനുസരണം എട്ടാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

2014 ഒക്ടോബർ മാസം 15-ാം തീയതി കൂടിയ സമിതിയോഗം ഈ റിപ്പോർട്ട് അംഗീകരിച്ചു.

സി. പി. മുഹമ്മദ്,

*ചെയർമാൻ,*
*പരിസ്ഥിതി സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,
2014 ഒക്ടോബർ 15.

# റിപ്പോർട്ട്

## അദ്ധ്യായം I

ആഗോളതലത്തിൽ അറിയപ്പെടുന്ന കേരളത്തിലെ ഏറ്റവും പ്രശസ്തമായ കാനനക്ഷേത്രമാണ് ശബരിമല ശാസ്താക്ഷേത്രം. തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ അധീനതയിലുള്ള ഈ ക്ഷേത്രത്തിൽ തീർത്ഥാടനകാലത്ത് എത്തിച്ചേരുന്ന ഭക്തജനങ്ങളുടെ എണ്ണം ഓരോ വർഷവും വർദ്ധിച്ചുകൊണ്ടിരിക്കുന്നു. ദീർഘവീക്ഷണത്തോടെയുള്ള നടപടികളിലൂടെ പരിസ്ഥിതി ആവാസവ്യവസ്ഥയെ സംരക്ഷിക്കുകയും ഭക്തജനങ്ങൾക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുകയും ചെയ്യുന്നുണ്ടെങ്കിലും വർദ്ധിച്ചുവരുന്ന തീർത്ഥാടകരുടെ എണ്ണം നിമിത്തം ശബരിമലയിലെയും പരിസരപ്രദേശങ്ങളിലെയും മാലിന്യനിയന്ത്രണവും പൊതുവെയുള്ള പരിപാലനവും ദുഷ്കരമായിത്തന്നെ നിലനിന്നുവരുന്നു.

2. എരുമേലി, ശബരിമല, പമ്പ തുടങ്ങിയ പ്രദേശങ്ങളിലെ പാരിസ്ഥിതിക മലിനീകരണംമൂലമുണ്ടാകുന്ന പ്രശ്നങ്ങൾ നേരിട്ട് മനസ്സിലാക്കുന്നതിനായി പരിസ്ഥിതി സംബന്ധിച്ച സമിതി നിരവധി പ്രാവശ്യം പ്രസ്തുത പ്രദേശങ്ങൾ സന്ദർശിക്കുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ചകൾ നടത്തുകയും ചെയ്തിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ 1996-2001, 2001-2006, 2006-2009, 2011-2014 എന്നീ കാലയളവുകളിലായി സമിതി ശബരിമലയിലെ മലിനീകരണ പ്രശ്നവുമായി ബന്ധപ്പെട്ട് ആകെ അഞ്ച് റിപ്പോർട്ടുകൾ സഭയിൽ സമർപ്പിച്ചിട്ടുമുണ്ട്. പ്രസ്തുത റിപ്പോർട്ടുകളിലൂടെ സമിതി മുന്നോട്ടുവച്ച ഒട്ടുമിക്ക നിർദ്ദേശങ്ങളിന്മേലും ബന്ധപ്പെട്ട അധികാരികൾ നടപടി സ്വീകരിക്കുകയുണ്ടായെങ്കിലും നിരവധി ശിപാർശകളിന്മേൽ ഇനിയും തുടർനടപടികൾ സ്വീകരിക്കേണ്ടതായിട്ടുണ്ട്.

3. പന്ത്രണ്ടാം കേരള നിയമസഭയുടെ പരിസ്ഥിതി സംബന്ധിച്ച സമിതി (2009-2011)-യുടെ പത്താമത് റിപ്പോർട്ട് (എരുമേലി, പമ്പ, ശബരിമല എന്നിവിടങ്ങളിലെ പാരിസ്ഥിതിക/മലിനീകരണ പ്രശ്നങ്ങൾ സംബന്ധിച്ച്) 2011 ഫെബ്രുവരി 23-ാം തീയതി നിയമസഭയിൽ സമർപ്പിക്കുകയുണ്ടായി. പരിസ്ഥിതി സംരക്ഷണം ഉറപ്പാക്കിക്കൊണ്ടു തന്നെ ശബരിമലയിൽ നിരവധി വികസന പദ്ധതികളും മാലിന്യ നിർമ്മാർജ്ജന പദ്ധതികളും നടപ്പാക്കി വരുന്നുണ്ടെങ്കിലും വർദ്ധിച്ചുവരുന്ന തീർത്ഥാടകരുടെ എണ്ണത്തി നനുസൃതമായ കൂടുതൽ പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കുന്നതു സംബന്ധിച്ച് സമിതിയുടെ ഓരോ സന്ദർശന വേളയിലും ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും ലഭിക്കുന്ന ഉറപ്പുകൾ പൂർണ്ണമായും പാലിക്കപ്പെടുന്നില്ലെന്ന് കണ്ടെത്തുകയും അതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത റിപ്പോർട്ടിലൂടെ 13 ശിപാർശകൾ നൽകുകയും ചെയ്തിരുന്നു.

4. സമിതിയുടെ ശിപാർശകളിന്മേൽ അനന്തരനടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി റിപ്പോർട്ടിന്റെ അച്ചടിച്ച പ്രതികൾ 26-7-2011-ന് ബന്ധപ്പെട്ട വകുപ്പുകൾക്ക് അയച്ചുകൊടുക്കുകയുണ്ടായി. റിപ്പോർട്ടിലെ ശിപാർശകളിന്മേൽ വിവിധ വകുപ്പുകൾ സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന സമാഹൃതക്കുറിപ്പുകൾ 29-5-2013, 11-12-2013 എന്നീ തീയതികളിൽ ചേർന്ന യോഗങ്ങളിൽ സമിതി പരിഗണിക്കുകയുണ്ടായി.

റിപ്പോർട്ടിലെ 31-ാം ഖണ്ഡികയിലെ ശിപാർശയ്ക്ക് ജലവിഭവ വകുപ്പിൽ നിന്നും ലഭിച്ച മറുപടിയിന്മേൽ സമിതി അധികവിവരം ആവശ്യപ്പെടുകയും ബാക്കി ശിപാർശകളുടെ മറുപടി അംഗീകരിക്കുകയും ചെയ്തു. 31-ാം ഖണ്ഡികയിലെ ശിപാർശയിന്മേൽ ജലവിഭവ വകുപ്പ് ലഭ്യമാക്കിയ അധികവിവരങ്ങൾ 7-8-2014-ൽ ചേർന്ന സമിതി യോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

5. ആചാരാനുഷ്ഠാനങ്ങളുടെ ഭാഗമായി ഭക്തജനങ്ങൾ ഉപയോഗിക്കുന്ന കുങ്കുമം പോലുള്ള വർണ്ണപ്പൊടികൾ വിഷാംശം അടങ്ങിയതാണെന്ന് വിലയിരുത്തിയ സമിതി ഇത്തരം വർണ്ണപ്പൊടികളുടെ ഉപയോഗം കർശനമായി നിരോധിക്കണമെന്ന് റിപ്പോർട്ടിലെ 41-ാം ഖണ്ഡികയിൽ ശിപാർശ ചെയ്തിരുന്നു. പ്രസ്തുത ശിപാർശയുടെ അടിസ്ഥാനത്തിൽ രാസപദാർത്ഥങ്ങൾ അടങ്ങിയ വർണ്ണപ്പൊടി നിരോധിച്ചുകൊണ്ട് സർക്കാർ പുറപ്പെടുവിച്ച ഉത്തരവ് ഈ റിപ്പോർട്ടിന്റെ അനുബന്ധമായി ചേർത്തിരിക്കുന്നു.

6. സമിതിയുടെ ശിപാർശകൾ, അതിന്മേൽ സർക്കാരിന്റെ വിവിധ വകുപ്പുകളിൽ നിന്നും ലഭിച്ച മറുപടികൾ എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ ഈ റിപ്പോർട്ടിൽ രണ്ടാം അദ്ധ്യായത്തിലും സർക്കാരിൽ നിന്നും ഇനിയും മറുപടി ലഭിച്ചിട്ടില്ലാത്ത ശിപാർശ സംബന്ധിച്ച വിശദാംശം മൂന്നാം അദ്ധ്യായത്തിലും ചേർത്തിരിക്കുന്നു.

## അദ്ധ്യായം II

## സമിതിയുടെ ശിപാർശകളും അതിന്മേൽ വിവിധ വകുപ്പുകൾ സ്വീകരിച്ച നടപടികളും

### ശിപാർശ 31

എരുമേലി, പമ്പ, ശബരിമലയിലേക്കുള്ള കാനനപാത, ശബരിമല, സന്നിധാനം എന്നിവിടങ്ങളിൽ വിതരണം ചെയ്യുന്ന ഭക്ഷ്യവസ്തുക്കളുടെയും കുടിവെള്ളത്തിന്റെയും ഗുണനിലവാരം തൃപ്തികരമല്ലെന്നും ജലത്തിൽ കോളിഫോം ബാക്ടീരിയയുടെ അളവ് കൂടിയ തിനാൽ ഭക്ഷ്യവിഷബാധയുണ്ടായതായും സമിതിയുടെ ശ്രദ്ധയിൽപ്പെട്ടു. ആയതിനാൽ തീർത്ഥാടനകാലത്ത് വിതരണം ചെയ്യുന്ന വെള്ളത്തിന്റെയും ഭക്ഷ്യവസ്തുക്കളുടെയും ഗുണനിലവാരം കർശനമായ പരിശോധനയ്ക്ക് വിധേയമാക്കുന്നതിനുള്ള നടപടി സ്വീകരി ക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### സർക്കാർ സ്വീകരിച്ച നടപടി

**ജലവിഭവ (ജലവിതരണ-സി) വകുപ്പ്**

ഗവ. കത്ത് നമ്പർ 8767/സി1/11/ജ.വി.വ. തീയതി 28-11-2011

എരുമേലി, പമ്പ, ശബരിമലയിലേക്കുള്ള കാനനപാത, സന്നിധാനം എന്നിവിട ങ്ങളിൽ വിതരണം ചെയ്യുന്ന കുടിവെള്ളത്തിന്റെ ഗുണനിലവാരം തീർത്ഥാടനകാലത്ത്

ഓരോ മണിക്കൂർ ഇടവിട്ട് പരിശോധിക്കുവാനും കോളിഫോം ബാക്ടീരിയയുടെ അളവ് പൂർണ്ണമായും ഇല്ലാതാക്കുവാനും ജല അതോറിറ്റിക്ക് സംവിധാനം ഉണ്ട്. എന്നാൽ കുന്നാർ ഡാമിൽ നിന്നും സന്നിധാനത്ത് വിതരണം ചെയ്യുന്ന ജലത്തിന്റെ നിയന്ത്രണം പൂർണ്ണമായും ദേവസ്വം ബോർഡിനായതിനാൽ ഇവരുമായി സഹകരിച്ച് ഗുണനിലവാരം നിലനിർത്തുവാൻ കർശനമായ പരിശോധനയ്ക്ക് വിധേയമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

**ജലവിഭവ (ഐ.ആർ.) വകുപ്പ്**

നമ്പർ 8689/ഐ.ആർ. 3/2011/ജലവിഭവ തീയതി 2-12-2012

പമ്പയിലും പരിസരപ്രദേശങ്ങളിലും വിതരണം ചെയ്യുന്ന കുടിവെള്ളം പരിശോധനാ വിധേയമാക്കുകയും ഗുണനിലവാരം തൃപ്തികരമല്ലായെന്ന് ശ്രദ്ധയിൽപ്പെടുന്ന അവസര ങ്ങളിൽ മലിനീകരണ നിയന്ത്രണ ബോർഡ് ആവശ്യമായ നടപടികൾക്ക് ബന്ധപ്പെട്ട അധികാരികളുടെ ശ്രദ്ധയിൽ കൊണ്ടുവരികയും ചെയ്യുന്നുണ്ട്.

സമിതി ആവശ്യപ്പെട്ട അധികവിവരം

ശബരിമലയിലേക്കുള്ള ഭക്തജനപ്രവാഹം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ഭക്തർക്ക് ആവശ്യമായ ശുദ്ധജലത്തിന്റെ അളവ് എത്രയാണെന്നും, എപ്രകാരമാണ് ശുദ്ധജലം ലഭിക്കുന്നതെന്നും, ജലം ശുദ്ധീകരിക്കുന്നതിനുള്ള സംവിധാനമെന്താ ണെന്നുമുള്ള വിശദവിവരങ്ങൾ ലഭ്യമാക്കുക.

സർക്കാർ സ്വീകരിച്ച നടപടി

നമ്പർ 28234/ഐ.ആർ. 3/2013/ജ.വി.വ. തീയതി 2-6-2014

ശബരിമലയിൽ നിലവിലുള്ള ജലത്തിന്റെ ആവശ്യം 13 ദശലക്ഷം ലിറ്ററാണ്. എന്നാൽ ഭാവിയിലെ ആവശ്യം 18 ദശലക്ഷം ലിറ്ററായി പരിഗണിച്ച് ഇത്രയും ജലം ശുദ്ധീകരിക്കുന്നതിനുള്ള ഒരു നൂതന ജലശുദ്ധീകരണശാല പമ്പയിലെ ഹിൽടോപ്പിൽ 30 കോടി രൂപ ചെലവിൽ നിർമ്മിക്കുന്നതിനുള്ള പദ്ധതി വാട്ടർ അതോറിറ്റി തയ്യാറാക്കി വരുന്നു. പമ്പയിൽ ഇൻടേക്ക് വെൽ ശുദ്ധീകരണത്തിന് നിലവിൽ വാട്ടർ അതോറിറ്റിയുടെ കീഴിൽ ഹൈപ്രഷർ ഫിൽറ്റർ സംവിധാനമുണ്ട്. ഇതിൽനിന്നുള്ള വെള്ളം ഇലക്ട്രോക്ലോറിനേറ്റർ ഉപയോഗിച്ച് ക്ലോറിനേഷൻ നടത്തി പൂർണ്ണമായും അണുവിമുക്തമാക്കിയാണ് പമ്പയിലും സന്നിധാനത്തും വിതരണം ചെയ്യുന്നത്. കൂടാതെ പമ്പയിലും ശബരിമലയിലും സീസൺ സമയത്ത് ഓരോ മണിക്കൂർ ഇടവിട്ട് വിതരണം ചെയ്യുന്ന ജലത്തിന്റെ ഗുണനിലവാരം പരിശോധിച്ച് ഉറപ്പുവരുത്തുന്നുണ്ട്. ഇതുകൂടാതെ കുന്നാറിലെ ചെക്ക് ഡാമിൽ നിന്നും ദേവസ്വം ബോർഡ് പാണ്ടിത്താവളത്തെ പ്രഷർ ഫിൽറ്ററിൽ ശുദ്ധീകരിച്ചും സന്നിധാനത്ത് മുടക്കം കൂടാതെ ജലം വിതരണം ചെയ്യുന്നു.

**വനം വന്യജീവി വകുപ്പ്**

ഗവ. കത്ത് നമ്പർ 8609/ഡി3/2011/വനം തീയതി 17-11-2012

പ്രസ്തുത പരാമർശങ്ങൾ വനം വകുപ്പിന് പൊതുവായി ബാധകമല്ല. എന്നിരുന്നാലും ശുദ്ധജലം ഭക്തജനങ്ങൾക്ക് ലഭ്യമാക്കുവാനും, പ്ലാസ്റ്റിക് മാലിന്യം നീക്കം ചെയ്യുവാനുമായി ശബരീജലം പദ്ധതി വനം വകുപ്പ് നടപ്പിലാക്കിവരുന്നു.

**തദ്ദേശസ്വയംഭരണ വകുപ്പ്**

നമ്പർ 19642/ഡി.സി1/2011/ത.സ്വ.ഭ.വ. തീയതി 8-2-2013

ശബരിമലയിലേക്കുള്ള കാനനപാതകളിൽ ആരോഗ്യവകുപ്പ് ഉദ്യോഗസ്ഥരും/ഗ്രാമ പഞ്ചായത്ത് ഉദ്യോഗസ്ഥരും സംയുക്തമായ പരിശോധന നടത്തുകയും ഭക്ഷ്യവസ്തുക്കളുടെയും കുടിവെള്ളത്തിന്റെയും ഗുണനിലവാരം ഉറപ്പാക്കുന്നതിനായി സാമ്പിളുകൾ ശേഖരിച്ച് തുടർനടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

<u>ശിപാർശ 32</u>

പാറത്തോട് പഞ്ചായത്തിലെ സെന്റ് മേരീസ് ലാറ്റക്സ് എന്ന കമ്പനി ധാരാളം പമ്പ് ഹൗസുകളുള്ള മണിമലയാറിലേക്ക് മലിനജലം ഒഴുക്കുന്നതായി സമിതി മനസ്സിലാക്കി. പ്രസ്തുത സ്ഥാപനത്തിന് 30 ഏക്കർ സ്ഥലമുണ്ടെന്നും മലിനീകരണ നിയന്ത്രണ സംവിധാന മേർപ്പെടുത്തിയിട്ടുണ്ടെന്നുമുള്ള വാദം സമിതി അംഗീകരിച്ചില്ല. പ്രസ്തുത സ്ഥാപനത്തിൽ നിന്നും മലിനജലം ചാലിലൂടെ നദിയിലേക്ക് ഒഴുകിയെത്തുന്നുണ്ടെന്നുള്ള പരാതി കണക്കിലെടുത്ത് ഇക്കാര്യത്തിൽ സമഗ്രമായ അന്വേഷണം നടത്തി ആവശ്യമായ പരിഹാര മാർഗ്ഗങ്ങൾ കണ്ടെത്തണമെന്നും നദിയിലേക്കുള്ള മലിനജലത്തിന്റെ ഒഴുക്ക് കർശനമായി തടയണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

**വനം വന്യജീവി വകുപ്പ്**

ഗവ. കത്ത് നമ്പർ 8609/ഡി3/2011/വനം തീയതി 17-11-2012

ഇക്കാര്യത്തിൽ വനം വകുപ്പിൽ നിന്നും നടപടികൾ സ്വീകരിക്കുവാൻ കഴിയുകയില്ല.

**ജലവിഭവ (ഐ.ആർ.) വകുപ്പ്**

നമ്പർ 8689/ഐ.ആർ3/2011/ജലവിഭവ തീയതി 2-12-2012

പാറത്തോട് പഞ്ചായത്തിലെ സെന്റ് മേരീസ് ലാറ്റക്സ് ഫാക്ടറിയിൽ നിന്നും പുറന്തള്ളുന്ന ശുദ്ധീകരിച്ച പാഴ്ജലം ഫാക്ടറിയോടനുബന്ധിച്ചുള്ള 30 ഏക്കറോളം റബ്ബർ

പ്ലാന്റേഷനിൽ നനയ്ക്കാനായി ഉപയോഗിച്ചു വരുന്നു. പരാതി സംബന്ധിച്ച് അന്വേഷണം നടത്തിയ അവസരങ്ങളിലൊന്നും ഫാക്ടറിയിൽ നിന്നും സമീപത്തുള്ള മണിമലയാറിൽ ദ്രവമാലിന്യങ്ങൾ ഒഴുകി എത്തുന്നതായി കണ്ടിട്ടില്ല. തുടർന്നും പരിശോധന നടത്തുന്നതാണ് എന്ന വിവരം സമിതിയെ അറിയിച്ചുകൊള്ളുന്നു.

**തദ്ദേശസ്വയംഭരണ വകുപ്പ്**

നമ്പർ 19642/ഡി.സി1./2011/തസ്വഭവ. തീയതി 8-2-2013

പാറത്തോട് പഞ്ചായത്തിലെ സെന്റ് മേരീസ് ലാറ്റക്സ് ഫാക്ടറിയിൽ നിന്നും പുറന്തള്ളുന്ന ശുദ്ധീകരിച്ച പാഴ്ജലം ഫാക്ടറിയോടനുബന്ധിച്ചുള്ള 30 ഏക്കറോളം റബ്ബർ പ്ലാന്റേഷനിൽ നനയ്ക്കാനായി ഉപയോഗിച്ചു വരുന്നു. പരാതി സംബന്ധിച്ച് മലിനീകരണ നിയന്ത്രണ ബോർഡ് അന്വേഷണം നടത്തിയ അവസരങ്ങളിലൊന്നും ഫാക്ടറിയിൽ നിന്നും സമീപത്തുള്ള മണിമലയാറിൽ ദ്രവമാലിന്യങ്ങൾ ഒഴുകി എത്തുന്നതായി കണ്ടിട്ടില്ല. തുടർന്ന് പരിശോധന നടത്തുന്നതാണ്.

**പരിസ്ഥിതി വകുപ്പ്**

നമ്പർ 900/എ 2/12/പരി. തീയതി 12-4-2012

പാറത്തോട് പഞ്ചായത്തിലെ സെന്റ് മേരീസ് ഫാക്ടറിയിൽ നിന്നും പുറന്തള്ളുന്ന ശുദ്ധീകരിച്ച പാഴ്ജലം ഫാക്ടറിയോടനുബന്ധിച്ചുള്ള 30 ഏക്കറോളം റബ്ബർ പ്ലാന്റേഷനിൽ നനയ്ക്കാനായി ഉപയോഗിച്ചു വരുന്നു. പരാതി സംബന്ധിച്ച് അന്വേഷണം നടത്തിയ അവസരങ്ങളിലൊന്നും ഫാക്ടറിയിൽ നിന്നും സമീപത്തുള്ള മണിമലയാറിൽ ദ്രവമാലിന്യങ്ങൾ ഒഴുകി എത്തുന്നതായി കണ്ടിട്ടില്ലെന്നും തുടർന്ന് പരിശോധന നടത്തുന്നതാണെന്നും മലിനീകരണ നിയന്ത്രണ ബോർഡ് റിപ്പോർട്ടു ചെയ്തിട്ടുണ്ട്.

<u>ശിപാർശ 33</u>

ശബരിമലയിലും പരിസരങ്ങളിലും പുകയിലയും പുകയില ഉല്പന്നങ്ങളും പരസ്യമായി വിൽക്കുന്നതായി പരാതിയുണ്ട്. പോലീസ് വകുപ്പ്, ദേവസ്വം ബോർഡ്, വനം വകുപ്പ്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവ പുകയില തുടങ്ങിയ ലഹരി പദാർത്ഥങ്ങളുടെ വിതരണം/വില്പന എന്നിവ നിർത്തലാക്കേണ്ടതാണെന്നും ഇതിനായി മേല്പറഞ്ഞ വകുപ്പുകളുടെ സംയുക്ത പ്രവർത്തനം ഉണ്ടാകണമെന്നും പമ്പയിലും സന്നിധാനത്തും പുകയില ഉല്പന്നങ്ങളുടെ ഉപയോഗം നിരോധിച്ചുകൊണ്ടുള്ള ഗവൺമെന്റ് ഉത്തരവ് കൃത്യമായി നടപ്പാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

### വനം വന്യജീവി വകുപ്പ്

ഗവ. കത്ത് നമ്പർ 8609/ഡി3/2011/വനം തീയതി 17-11-2012

ശബരിമലയിലും പരിസരപ്രദേശങ്ങളിലും പുകയിലയും പുകയില ഉല്പന്നങ്ങളുടെ ഉപയോഗവും നിരോധിച്ചുകൊണ്ടുള്ള ഗവൺമെന്റ് ഉത്തരവ് നടപ്പാക്കുന്നതിനായി ബന്ധപ്പെട്ട വകുപ്പുകളുടെ സംയുക്ത പ്രവർത്തനം ആവശ്യമാണ്. ടി വിഷയത്തിൽ വനം വകുപ്പിന്റെ അധികാരത്തിന് പരിമിതികൾ ഉള്ളതിനാൽ പോലീസ് സംവിധാനം ഉപയോഗിക്കുന്നത് കൂടുതൽ കാര്യക്ഷമമായിരിക്കും.

### തദ്ദേശസ്വയംഭരണ വകുപ്പ്

നമ്പർ 19642/ഡി.സി1/2011/തസ്വഭവ. തീയതി 8-2-2013

ശബരിമല കാനനപാതയിലും സന്നിധാനത്തും പുകയിലയും പുകയില ഉൽപ്പന്നങ്ങളും വിൽക്കരുതെന്ന നിബന്ധനയോടുകൂടിയാണ് ലൈസൻസുകൾ നൽകിയിട്ടുള്ളത്. പുകയിലയും പുകയില ഉൽപ്പന്നങ്ങളും നിരോധിച്ച് പൊതുസ്ഥലങ്ങളിൽ നോട്ടീസ് പതിപ്പിച്ചിട്ടുണ്ട്. പോലീസ് അധികാരികളുടെ സഹായത്തോടെ പരിശോധന നടത്തി ടി ഉത്തരവ് നടപ്പിൽ വരുത്തിയെന്ന് ഉറപ്പ് വരുത്തിയിട്ടുണ്ട്. വകുപ്പുകളുടെ സംയുക്ത പ്രവർത്തനം തുടർവർഷങ്ങളിൽ ഉറപ്പ് വരുത്തുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.

### ആഭ്യന്തര വകുപ്പ്

നമ്പർ 36379/എം.1/2011/ആഭ്യന്തരം തീയതി 2-9-2013

പമ്പയിലും സന്നിധാനത്തിലും പുകയില ഉത്പന്നങ്ങളുടെ ഉപയോഗം, കച്ചവടം എന്നീ പ്രവർത്തനങ്ങൾ ഇല്ലാതാക്കുന്നതിനുവേണ്ടി, നിലവിൽ ഡ്യൂട്ടിയിലുള്ള എക്സൈസ് ഉദ്യോഗസ്ഥരുടെ പങ്കാളിത്തത്തോടെ മതിയായ പോലീസ് ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി ഒരു ഉന്നത ഉദ്യോഗസ്ഥന്റെ മേൽനോട്ടത്തിൽ ഒരു സ്പെഷ്യൽ സ്ക്വാഡ് രൂപീകരിച്ചിട്ടുള്ളതും പമ്പയിലെയും സന്നിധാനത്തിലെയും സ്പെഷ്യൽ പോലീസ് ഓഫീസർ ടി ടീമിന്റെ പ്രവർത്തനം വിലയിരുത്തി വേണ്ട നിർദ്ദേശങ്ങൾ നൽകിവരുന്നുണ്ട്. സ്പെഷ്യൽ സ്ക്വാഡ് പ്രവർത്തനങ്ങൾക്കുപുറമെ പമ്പയിലെയും സന്നിധാനത്തിലെയും പോലീസ് സ്റ്റേഷനിൽ നിന്നും പുകയില ഉത്പന്ന ഉപഭോഗം, വിൽപ്പന മുതലായ പ്രവർത്തനങ്ങൾക്കെതിരായി നടപടികൾ സ്വീകരിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. 2009-2012 കാലയളവിൽ അനധികൃതമായി ഗഞ്ചാവ് സൂക്ഷിച്ചുവച്ച് വിൽപ്പന നടത്തിയതിന് 7 കേസുകളും ചാരായം/IMFL എന്നിവ കൈവശം വച്ചതിനും വിപണനം നടത്തിയതിനുമായി

17 കേസുകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്. അനധികൃതമായി സിഗററ്റ് , ബീഡി, മറ്റ് പുകയില ഉൽപ്പന്നങ്ങൾ എന്നിവ ശേഖരിച്ച് വിപണനം നടത്തിവന്ന സ്ഥലങ്ങളിൽ റെയ്ഡ് നടത്തി ഉൽപ്പന്നങ്ങൾ പിടിച്ചെടുത്ത മുതലുകളും ബന്ധപ്പെട്ട ആളുകളെയും ഡ്യൂട്ടി മജിസ്ട്രേറ്റ് മുമ്പാകെ ഹാജരാക്കി നിയമനടപടികൾ സ്വീകരിച്ചിട്ടുള്ളതും ഉൽപ്പന്നങ്ങൾ നശിപ്പിച്ച് കളഞ്ഞിട്ടുമുണ്ട്.

ശിപാർശ 34

അഭൂതപൂർവ്വമായ തിരക്ക് കാരണം നിലയ്ക്കൽ, പമ്പ, സന്നിധാനം എന്നീ സ്ഥലങ്ങളിൽ പ്രാഥമികാവശ്യങ്ങൾ നിറവേറ്റുന്നതിനുള്ള സാഹചര്യമുണ്ടാകുകയും മാലിന്യങ്ങൾ സംസ്കരിക്കുന്നതിനുള്ള ക്രമീകരണങ്ങളും അപര്യാപ്തമാണ്. ആയതിനാൽ നിലയ്ക്കൽ, പമ്പ, സന്നിധാനം എന്നീ സ്ഥലങ്ങളിൽ ആധുനികവും ശാസ്ത്രീയവുമായ സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

**ജലവിഭവ (ജലവിതരണ-സി) വകുപ്പ്**

ഗവ. കത്ത് നമ്പർ 8767/സി1/11/ജ.വി.വ. തീയതി 28-11-2011

പമ്പ, സന്നിധാനം എന്നിവിടങ്ങളിൽ സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശം പമ്പ ആക്ഷൻ പ്ലാനിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിൽപ്പെടുത്തി പമ്പയിൽ 1.5 mld-യും സന്നിധാനത്ത് 5 mld-യും ശേഷിയുള്ള സ്വീവേജ് പ്ലാന്റുകൾ നിർമ്മിക്കുന്നതിന് വാട്ടർ അതോറിറ്റി നടപടികൾ എടുത്തു വരുന്നു.

**വനം വന്യജീവി വകുപ്പ്**

ഗവ. കത്ത് നമ്പർ 8609/ഡി3/2011/വനം തീയതി 17-11-2012

നിലയ്ക്കൽ, പമ്പ, സന്നിധാനം എന്നീ സ്ഥലങ്ങളിൽ മാലിന്യസംസ്കരണത്തിനായി സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കുന്നത് ശബരിമല മാസ്റ്റർ പ്ലാൻ-Infrastructure Module-Sanitation-ൽ പരാമർശിക്കുന്നുണ്ട്. ആയത്, ശബരിമല മാസ്റ്റർ പ്ലാനിൽ പറയുന്ന പ്രകാരം അടിയന്തരമായി നടപ്പിലാക്കേണ്ടത് ദേവസ്വം ബോർഡാണ്.

**ജലവിഭവ (ഐ.ആർ.) വകുപ്പ്**

നമ്പർ 8689/ഐ.ആർ.3/2011/ജ.വി.വ. തീയതി 2-12-2012

പമ്പയിൽ സ്ഥാപിച്ചിട്ടുള്ള സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിന്റെ നിലവിലുള്ള കപ്പാസിറ്റി അപര്യാപ്തമാണ്. നിലയ്ക്കൽ, സന്നിധാനം എന്നിവിടങ്ങളിലും ഫലപ്രദമായി പ്രവർത്തിക്കുന്ന സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ മലിനീകരണ നിയന്ത്രണ ബോർഡിന്റെ

അനുമതിയോടുകൂടി അടിയന്തരമായി സ്ഥാപിക്കാൻവേണ്ട നടപടികൾ സ്വീകരിക്കാനും പമ്പയിൽ ഇപ്പോൾ നിലവിലുള്ള സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിന്റെ അറ്റകുറ്റപ്പണികൾ നടത്തി പ്രവർത്തനസജ്ജമാക്കാനും തിരുവിതാംകൂർ ദേവസ്വം ബോർഡിന് സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് നിർദ്ദേശം നൽകിയിട്ടുണ്ട്.

സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിൽ നിന്ന് നേരിട്ട് പമ്പയിലേക്ക് സംസ്കരിച്ച ജലം എത്തിച്ചേരുന്നത് തടയുവാനായി ധാരാളം മൺകുഴികൾ (earthen pits) ഉണ്ടാക്കി അവയിൽ പാഴ്ജലം കെട്ടിനിർത്തി മണ്ണിലേക്ക് ഊർന്നിറങ്ങാനുള്ള അവസരം ഉണ്ടാക്കണമെന്ന ബോർഡിന്റെ നിർദ്ദേശം നടപ്പിലാക്കിയതുവഴി പമ്പ മലിനപ്പെടുന്നത് കുറയ്ക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

**തദ്ദേശസ്വയംഭരണ വകുപ്പ്**

നമ്പർ 19642/ഡി.സി1/2011/തസ്വഭവ. തീയതി 8-2-2013

പമ്പയിൽ സ്ഥാപിച്ചിട്ടുള്ള സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിന്റെ നിലവിലുള്ള കപ്പാസിറ്റി അപര്യാപ്തമാണ്. നിലയ്ക്കൽ, സന്നിധാനം എന്നിവിടങ്ങളിലും ഫലപ്രദമായി പ്രവർത്തിക്കുന്ന സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ ബോർഡിന്റെ അനുമതിയോടുകൂടി അടിയന്തരമായി സ്ഥാപിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കാനും പമ്പയിൽ ഇപ്പോൾ നിലവിലുള്ള സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിന്റെ അറ്റകുറ്റപ്പണികൾ നടത്തി പ്രവർത്തനസജ്ജമാക്കാനും മലിനീകരണ നിയന്ത്രണ ബോർഡ് TDB-ന് നിർദ്ദേശം നൽകിയിട്ടുണ്ട്. അടിയന്തര നടപടികൾ TDB ആണ് സ്വീകരിക്കേണ്ടത്.

സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിൽ നിന്ന് നേരിട്ട് പമ്പയിലേക്ക് സംസ്കരിച്ച ജലം എത്തിച്ചേരുന്നത് തടയുവാനായി ധാരാളം മൺകുഴികൾ (earthen pits) ഉണ്ടാക്കി അവയിൽ പാഴ്ജലം കെട്ടിനിർത്തി മണ്ണിലേക്ക് ഊർന്നിറങ്ങാനുള്ള അവസരം ഉണ്ടാക്കണമെന്ന മലിനീകരണ നിയന്ത്രണ ബോർഡിന്റെ നിർദ്ദേശം നടപ്പിലാക്കി. ഇതുവഴി പമ്പ മലിനപ്പെടുന്നത് കുറയ്ക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

**പരിസ്ഥിതി വകുപ്പ്**

നമ്പർ 900/എ 2/12/പരി. തീയതി 12-4-2012

പമ്പയിൽ സ്ഥാപിച്ചിട്ടുള്ള സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിന്റെ നിലവിലുള്ള കപ്പാസിറ്റി അപര്യാപ്തമാണ്. നിലയ്ക്കൽ, സന്നിധാനം എന്നിവിടങ്ങളിലും ഫലപ്രദമായി പ്രവർത്തിക്കുന്ന സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ ബോർഡിന്റെ അനുമതിയോടുകൂടി അടിയന്തരമായി സ്ഥാപിക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കാനും പമ്പയിൽ ഇപ്പോൾ നിലവിലുള്ള സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിന്റെ അറ്റകുറ്റപ്പണികൾ നടത്തി പ്രവർത്തനസജ്ജമാക്കാനും തിരുവിതാംകൂർ ദേവസ്വം ബോർഡിന് സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് നിർദ്ദേശം നൽകിയിട്ടുണ്ട്.

ശബരിമലയിൽ, ശബരിമല മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തി STP സ്ഥാപിക്കുന്ന തിനുള്ള നടപടി ദേവസ്വം ബോർഡ് സ്വീകരിച്ച് വരുന്നു.

സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിൽ നിന്ന് നേരിട്ട് പമ്പയിലേക്ക് സംസ്കരിച്ച ജലം എത്തിച്ചേരുന്നത് തടയുവാനായി ധാരാളം മൺകുഴികൾ (earthen pits) ഉണ്ടാക്കി അവയിൽ പാഴ്ജലം കെട്ടിനിർത്തി മണ്ണിലേക്ക് ഊർന്നിറങ്ങാനുള്ള അവസരം ഉണ്ടാക്കണമെന്ന ബോർഡിന്റെ നിർദ്ദേശം നടപ്പിലാക്കി. ഇതുവഴി പമ്പ മലിനപ്പെടുന്നത് കുറയ്ക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

## ശിപാർശ 35

എരുമേലിയിൽ സ്ഥാപിച്ചിട്ടുള്ള സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിൽ നിന്നും ഖരവസ്തുക്കൾ ഗ്രൈന്റ് ചെയ്ത് സ്ലഡ്ജാക്കി അണുവിമുക്തമാക്കിയതിനുശേഷം ജലം എരുമേലി തോട്ടിലേക്ക് തന്നെ ഒഴുക്കി വിടുന്നതുമൂലം മലിനീകരണം സംജാതമാകുന്നു. ഡിസ്ചാർജ്ജ് ചെയ്യുന്ന ജലം നദിയിലെ വെള്ളത്തിന്റെ നിലവാരത്തിലാക്കാതെ എരുമേലി തോട്ടിലേക്ക് ഒഴുക്കി വിടുന്ന നടപടിയിൽ അതൃപ്തി രേഖപ്പെടുത്തിയ സമിതി ഈ പ്രക്രിയ അവസാനിപ്പി ക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കണമെന്ന് ശിപാർശ ചെയ്യുന്നു.

### സർക്കാർ സ്വീകരിച്ച നടപടി

**വനം വന്യജീവി വകുപ്പ്**

ഗവ. കത്ത് നമ്പർ 8609/ഡി3/2011/വനം തീയതി 17-11-2012

വനം വകുപ്പിൽ നിന്നും ഇക്കാര്യത്തിൽ നടപടികൾ സ്വീകരിക്കുവാൻ നിർവ്വാഹമില്ല.

**ജലവിഭവ (ഐ.ആർ.) വകുപ്പ്**

നമ്പർ 8689/ഐ.ആർ.3/2011/ജ.വി.വ. തീയതി 2-12-2012

എരുമേലിയിൽ സ്ഥാപിച്ച സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിന് ഒരു ദിവസം 75,000 ലിറ്റർ മലിനജലം സംസ്കരിക്കാനുള്ള ശേഷിയാണുള്ളത്. ഈ പ്ലാന്റ് കഴിഞ്ഞ രണ്ടു വർഷങ്ങളിലും പ്രവർത്തിപ്പിക്കുകയും 2011 ജൂൺ 5 ലോക പരിസ്ഥിതി ദിനത്തിൽ ട്രാവൻകൂർ ദേവസ്വം ബോർഡിന് പൂർണ്ണമായും കൈമാറുകയും ചെയ്തു. പ്ലാന്റ് പ്രവർത്തിപ്പി ക്കുന്നതിനും അതിന്റെ അറ്റകുറ്റപ്പണികൾ ചെയ്യുന്നതിനുമുള്ള പൂർണ്ണ ഉത്തരവാദിത്വം ഇപ്പോൾ ദേവസ്വം ബോർഡിനാണ്. ശബരിമല സീസണിൽ സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിൽ നിന്നും ശുദ്ധീകരണം ചെയ്ത അണുനശീകരണം ചെയ്ത പുറത്തേക്കുവിടുന്ന വെള്ളത്തിന്റെ സാമ്പിളുകൾ ശേഖരിച്ച് എല്ലാ ദിവസവും പരിശോധിച്ച് വരുന്നു. അതിൽ B.O.D. (Biological Oxygen Demand)-ന്റെ അളവ് 30 mg./litre-ൽ താഴെയാണ് കാണാൻ കഴിഞ്ഞത്. എരുമേലിയിൽ സ്ഥാപിച്ചിരിക്കുന്ന സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിൽ നിന്നുണ്ടാകുന്ന വളരെ കുറച്ചളവിൽ മാത്രമുള്ള സ്ലഡ്ജ് ദേവസ്വം ബോർഡിന്റെ ഉടമസ്ഥതയിലുള്ള വസ്തുവിൽ കുഴിച്ചുമൂടുന്നു.

## തദ്ദേശസ്വയംഭരണ വകുപ്പ്

നമ്പർ 19642/ഡി.സി1/2011/തസ്വഭവ. തീയതി 8-2-2013

എരുമേലിയിൽ സ്ഥാപിച്ച സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിന് ഒരു ദിവസം 75000 ലിറ്റർ മലിനജലം സംസ്കരിക്കാനുള്ള ശേഷിയാണുള്ളത്. ഈ പ്ലാന്റ് കഴിഞ്ഞ രണ്ടു വർഷങ്ങളിലും പ്രവർത്തിപ്പിക്കുകയും 2011 ജൂൺ 5 ലോക പരിസ്ഥിതി ദിനത്തിൽ ട്രാവൻകൂർ ദേവസ്വം ബോർഡിന് പൂർണ്ണമായും കൈമാറുകയും ചെയ്തു. പ്ലാന്റ് പ്രവർത്തിപ്പിക്കുന്നതിനും അതിന്റെ അറ്റകുറ്റപ്പണികൾ ചെയ്യുന്നതിനുമുള്ള പൂർണ്ണ ഉത്തരവാദിത്വം ഇപ്പോൾ ദേവസ്വം ബോർഡിനാണ്. ശബരിമല സീസണിൽ സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിൽ നിന്നും ശുദ്ധീകരണം ചെയ്തു അണുനശീകരണം ചെയ്തു പുറത്തേക്കുവിടുന്ന വെള്ളത്തിന്റെ സാമ്പിളുകൾ ശേഖരിച്ച് എല്ലാ ദിവസവും പരിശോധിച്ചുവരുന്നു. അതിൽ B.O.D. (Biological Oxygen Demand)-ന്റെ അളവ് 30 mg./litre-ൽ താഴെയാണ് കാണാൻ കഴിഞ്ഞത്. നിലവിലുള്ള മാനദണ്ഡം അനുസരിച്ച് ഉപരിതല ജലാശയത്തിലേക്ക് ഈ നിലവാരത്തിലുള്ള ജലം ഒഴുക്കാവുന്നതാണ്. ആയതിനാൽ ശുദ്ധീകരണ പ്ലാന്റിൽ നിന്നുള്ള ശുദ്ധീകരിച്ച ജലം എരുമേലി തോട്ടിലേക്ക് ഒഴുക്കുന്നത് ഹാനികരമല്ല. ഇതിൽ ഒരു ഭാഗം ടോയ്ലെറ്റ് ഫ്ളഷിംഗിന് പുനരുപയോഗം ചെയ്യാൻ നടപടി സ്വീകരിക്കാവുന്നതാണ്. എരുമേലിയിൽ സ്ഥാപിച്ചിരിക്കുന്ന സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിൽ നിന്നുണ്ടാകുന്ന വളരെക്കുറച്ചളവിൽ മാത്രമുള്ള സ്ലഡ്ജ് ദേവസ്വം ബോർഡിന്റെ ഉടമസ്ഥതയിലുള്ള വസ്തുവിൽ കുഴിച്ചുമൂടുന്നു.

## പരിസ്ഥിതി വകുപ്പ്

നമ്പർ 900/എ 2/12/പരി. തീയതി 12-4-2012

എരുമേലിയിൽ സ്ഥാപിച്ച സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിന് ഒരു ദിവസം 75000 ലിറ്റർ മലിനജലം സംസ്കരിക്കാനുള്ള ശേഷിയാണുള്ളത്. ശബരിമല സീസണിൽ സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിൽ നിന്നും ശുദ്ധീകരിച്ച് അണുനശീകരണം ചെയ്തു പുറത്തേക്കുവിടുന്ന വെള്ളത്തിന്റെ സാമ്പിളുകൾ ശേഖരിച്ച് എല്ലാ ദിവസവും പരിശോധിച്ചുവരുന്നു. അതിൽ B.O.D. (Biological Oxygen Demand)-ന്റെ അളവ് 30 mg./litre-ൽ താഴെയാണ് കാണാൻ കഴിഞ്ഞത്. നിലവിലുള്ള മാനദണ്ഡം അനുസരിച്ച് ഉപരിതല ജലാശയത്തിലേക്ക് ഈ നിലവാരത്തിലുള്ള ജലം ഒഴുക്കാവുന്നതാണ്. ആയതിനാൽ ശുദ്ധീകരണ പ്ലാന്റിൽ നിന്നുള്ള ശുദ്ധീകരിച്ച ജലം എരുമേലി തോട്ടിലേക്ക് ഒഴുക്കുന്നത് ഹാനികരമല്ല. ഇതിൽ ഒരു ഭാഗം ടോയ്ലെറ്റ് ഫ്ളഷിംഗിന് പുനരുപയോഗം ചെയ്യാൻ നടപടി സ്വീകരിക്കാവുന്നതാണ്. എരുമേലിയിൽ സ്ഥാപിച്ചിരിക്കുന്ന സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിൽ നിന്നുണ്ടാകുന്ന വളരെ കുറച്ചളവിൽ മാത്രമുള്ള സ്ലഡ്ജ് ദേവസ്വം ബോർഡിന്റെ ഉടമസ്ഥതയിലുള്ള വസ്തുവിൽ കുഴിച്ചുമൂടുന്നു.

## ശിപാർശ 36

എരുമേലി ബസ് സ്റ്റാന്റിന്റെ വികസന പ്രവർത്തനങ്ങൾക്ക് തടസ്സമായിരുന്ന വില്ലേജ് ഓഫീസ് സ്ഥിതി ചെയ്തിരുന്ന സ്ഥലം പഞ്ചായത്തിന് ലഭ്യമായിട്ടുണ്ട്. ശബരിമലയിൽ പോകുന്ന അയ്യപ്പഭക്തൻമാരുടെ ഇടക്കം എരുമേലി വഴി ആയതിനാൽ ബസ് സ്റ്റാന്റ് നവീകരിക്കുന്നതിനും ടോയ്ലെറ്റ് ബ്ലോക്കുകൾ നിർമ്മിക്കുന്നതിനുമുള്ള നടപടി അടുത്ത സീസണിനു മുൻപ് പൂർത്തീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### സർക്കാർ സ്വീകരിച്ച നടപടി

**ഗതാഗത വകുപ്പ്**

ഗവ. കത്ത് നമ്പർ 5144/എ 2/2011/ഗതാഗതം തീയതി 5-11-2011

എരുമേലിയിൽ കെ.എസ്.ആർ.ടി.സി.-ക്ക് സ്വന്തമായി സ്ഥലം ഇല്ലാത്തതിനാൽ ഒരു വികസനപ്രവർത്തനവും നടത്താൻ നിർവ്വാഹമില്ലാത്തതുമാകുന്നു.

2010-2011-ലെ ശബരിമല തീർത്ഥാടനത്തോടനുബന്ധിച്ച് പമ്പയിൽ 44,49,110 രൂപയുടെ പണികൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ 17,14,522 രൂപയുടെ പണികൾക്ക് കരാർ ഒപ്പ് വച്ചിട്ടുമുണ്ട്. പ്രസ്തുത പണികൾ പമ്പാ തീർത്ഥാടനത്തിനുമുൻപ് തീർക്കുന്നതാണ്.

പമ്പ ബസ് സ്റ്റേഷനിൽ യാത്രക്കാർക്കും സ്റ്റാഫിനും പ്രത്യേകം ടോയ്ലെറ്റ് സൗകര്യം ഒരുക്കിയിട്ടുണ്ട്. ഇവയ്ക്ക് പ്രത്യേകം സെപ്റ്റിക് ടാങ്കുകൾ നിലവിലുണ്ട്. ആയതിനാൽതന്നെ ബസ് സ്റ്റേഷനിൽ യാതൊരുവിധ മലിനീകരണവും ഉണ്ടാകുന്നില്ലായെന്ന് ഉറപ്പുവരുത്തിയിട്ടുള്ളതായി ചെയർമാൻ ആന്റ് മാനേജിംഗ് ഡയറക്ടർ, കെ.എസ്.ആർ.ടി.സി. റിപ്പോർട്ട് ചെയ്തിട്ടുള്ള വിവരം അറിയിച്ചുകൊള്ളുന്നു.

**വനം വന്യജീവി വകുപ്പ്**

നമ്പർ 8609/ഡി3/2011/വനം തീയതി 17-11-2012

ഈ വിഷയം വനം വകുപ്പിന്റെ അധികാരപരിധിയിൽ വരുന്നില്ല.

## ശിപാർശ 37

പുണ്യനദിയായ പമ്പാനദി നിരവധി ആളുകളുടെ കുടിവെള്ള സ്രോതസ്സ് കൂടിയാണ്. പമ്പാനദിയെ മലിനീകരണത്തിൽനിന്നും സംരക്ഷിക്കുന്നതിനും കുടിവെള്ള സ്രോതസ്സാക്കി മാറ്റുന്നതിനും ദീർഘകാല സംരക്ഷണപദ്ധതി നടപ്പിലാക്കുന്നതിനും പമ്പാ നദീതട അതോറിറ്റിയുടെ പ്രവർത്തനം ത്വരിതപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**വനം വന്യജീവി വകുപ്പ്**

നമ്പർ 8609/ഡി3/2011/വനം തീയതി 17-11-2012

പമ്പാനദിയെ മലിനീകരണത്തിൽനിന്നും സംരക്ഷിക്കേണ്ടത് ആവശ്യമാണ്. ഇതേക്കുറിച്ച് ശബരിമല മാസ്റ്റർ പ്ലാൻ-Infrastructure Module-Water and sanitation-ൽ വ്യക്തമായി പരാമർശിക്കുന്നുണ്ട്. ഇക്കാര്യത്തിൽ വനം വകുപ്പിൽ നിന്നു മാത്രമായി നടപടികൾ സ്വീകരിക്കേണ്ടതായില്ല. കൂടാതെ പമ്പാനദീതട അതോറിറ്റി ജലവിഭവ വകുപ്പിന്റെ ഭരണ നിയന്ത്രണത്തിൻകീഴിലാണ് പ്രവർത്തിക്കുന്നത്.

**ജലവിഭവ (ഐ.ആർ.) വകുപ്പ്**

നമ്പർ 8689/ഐ.ആർ3/2011/ജ.വി.വ. തീയതി 2-12-2012

പമ്പാനദീതട അതോറിറ്റിക്ക് ഓഫീസ് തുടങ്ങാനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചു കഴിഞ്ഞു. പമ്പാനദിയെ മലിനീകരണത്തിൽനിന്നും സംരക്ഷിക്കുന്നതിനുള്ള രണ്ടാംഘട്ട പ്രവർത്തനങ്ങൾക്കായുള്ള 319.70 കോടി രൂപ അടങ്കൽ പ്രതീക്ഷിക്കുന്ന റിപ്പോർട്ട് കേന്ദ്രത്തിൽ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.

<u>ശിപാർശ 38</u>

പമ്പയിൽ സ്ഥാപിച്ചിട്ടുള്ള ഇൻസിനറേറ്ററിൽ വരുന്ന മാലിന്യം പ്രധാനമായും ആഹാരാവശിഷ്ടങ്ങളായതിനാൽ അത് ഇൻസിനറേറ്ററിൽ കത്തിച്ചുകളയാതെ പാചകാവശ്യത്തിനായി ബയോഗ്യാസ് നിർമ്മിക്കുന്നതിനാവശ്യമായ സംവിധാനം ഏർപ്പെടുത്തുന്ന കാര്യം ദേവസ്വം ബോർഡും മലിനീകരണ നിയന്ത്രണ ബോർഡും ഗൗരവമായി ആലോചിച്ച് നടപ്പിലാക്കണമെന്നും ഹോട്ടലുകളിൽ ബയോഗ്യാസ് പാചകവാതകമായി ഉപയോഗിക്കുന്നത് പ്രോത്സാഹിപ്പിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

**വനം വന്യജീവി വകുപ്പ്**

നമ്പർ 8609/ഡി3/2011/വനം തീയതി 17-11-2012

ഈ വിഷയം വനം വകുപ്പിന്റെ അധികാരപരിധിയിൽ ഉൾപ്പെടുന്നില്ല.

**തദ്ദേശസ്വയംഭരണ വകുപ്പ്**

നമ്പർ 19642/ഡി.സി.1/11/ത.സ്വ.ഭ.വ. തീയതി 8-2-2013

ആഹാരാവശിഷ്ടങ്ങൾ നിർമ്മാർജ്ജനം ചെയ്യുന്നതിന് ഇൻസിനറേറ്ററുകൾക്ക് പകരം ബയോഗ്യാസ് സംവിധാനം ഏർപ്പെടുത്താവുന്നതാണ്. പമ്പ, നിലയ്ക്കൽ, സന്നിധാനം

എന്നിവിടങ്ങളിൽ ഉണ്ടാകുന്ന ആഹാരാവശിഷ്ടങ്ങൾ മുഴുവൻ സംസ്കരിക്കാൻ പര്യാപ്തമായ ഒരു ബയോഗ്യാസ് പ്ലാന്റ് പമ്പയിൽ സ്ഥാപിക്കാൻവേണ്ട നടപടികൾ സ്വീകരിക്കാൻ TDB-ന് മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇക്കഴിഞ്ഞ സീസണിൽ ജീർണ്ണനം സംഭവിക്കാവുന്ന മാലിന്യങ്ങളുടെ (biodegradable waste) നല്ലൊരു ഭാഗവും കമ്പോസ്റ്റിംഗ് മാർഗ്ഗമാണ് നിർമ്മാർജ്ജനം ചെയ്തത്.

**പരിസ്ഥിതി വകുപ്പ്**

നമ്പർ 900/എ 2/12/പരി. തീയതി 12-4-2012

ആഹാരാവശിഷ്ടങ്ങൾ നിർമ്മാർജ്ജനം ചെയ്യുന്നതിന് ഇൻസിനറേറ്ററുകൾക്ക് പകരം ബയോഗ്യാസ് സംവിധാനം ഏർപ്പെടുത്താവുന്നതാണ്. പമ്പ, നിലയ്ക്കൽ, സന്നിധാനം എന്നിവിടങ്ങളിൽ ഉണ്ടാകുന്ന ആഹാരാവശിഷ്ടങ്ങൾ മുഴുവൻ സംസ്കരിക്കാൻ പര്യാപ്തമായ ഒരു ബയോഗ്യാസ് പ്ലാന്റ് പമ്പയിൽ സ്ഥാപിക്കാൻവേണ്ട നടപടികൾ സ്വീകരിക്കാൻ തിരുവിതാംകൂർ ദേവസ്വം ബോർഡിന് ബോർഡ് നിർദ്ദേശം നൽകിയിട്ടുണ്ട്. ജീർണ്ണനം സംഭവിക്കാവുന്ന മാലിന്യങ്ങളുടെ (biodegradable waste) നല്ലൊരു ഭാഗവും കമ്പോസ്റ്റിംഗ് മാർഗ്ഗമാണ് നിർമ്മാർജ്ജനം ചെയ്യുന്നത്.

<u>ശിപാർശ 40</u>

പമ്പ, സന്നിധാനം എന്നിവിടങ്ങളിലെ പ്ലാസ്റ്റിക് ഉൽപ്പന്നങ്ങൾ ഉപയോഗിക്കുന്നത് നന്നേ കുറഞ്ഞിട്ടുണ്ടെങ്കിലും വെള്ളം നിറച്ച പ്ലാസ്റ്റിക് ബോട്ടിലുകളും കടകളിൽ വിൽക്കുന്ന വസ്തുക്കളും അനാവശ്യമായി പ്ലാസ്റ്റിക്കിൽ പൊതിഞ്ഞിരിക്കുന്നതായി സമിതി കണ്ടെത്തി. ഭക്ഷണ സാധനങ്ങളും പൂജാസാധനങ്ങളും മറ്റ് വസ്തുക്കളും പ്ലാസ്റ്റിക് കവറുകളിലായി വിൽക്കുന്നതായും സമിതി മനസ്സിലാക്കുന്നു. എങ്കിലും പ്ലാസ്റ്റിക് പരമാവധി ഈ പ്രദേശങ്ങളിൽ കൊണ്ടുവരുന്നതിൽ നിന്നും നിരുത്സാഹപ്പെടുത്തണമെന്നും കടകൾ ടെണ്ടർ ചെയ്യുമ്പോൾ പ്രസ്തുത വസ്തുക്കൾ കടകൾ മുഖേന വിറ്റഴിക്കാൻ അനുവാദം നൽകരുതെന്നും ശബരിമലയിൽ പ്ലാസ്റ്റിക് നിരോധന ഉത്തരവ് കർശനമായി നടപ്പിലാക്കുന്നതിനാവശ്യമായ നടപടി ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ദേവസ്വം ബോർഡും സ്വീകരിക്കണമെന്നും പ്ലാസ്റ്റിക്ക് റീസൈക്കിൾ ചെയ്യുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

**വനം വന്യജീവി വകുപ്പ്**

നമ്പർ 8609/ഡി3/2011/വനം തീയതി 17-11-2012

ശബരിമലയിൽ പ്ലാസ്റ്റിക്കിന്റെ ഉപയോഗം തടയുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് ദേവസ്വം ബോർഡിനോട് ആവശ്യപ്പെട്ടിട്ടുള്ളതാണ്. കടകളിൽ ഭക്ഷണസാധനങ്ങളും പൂജാസാധനങ്ങളും അല്ലാതെ മറ്റ് ഉൽപ്പന്നങ്ങൾ വിൽക്കാതിരിക്കാൻ

നടപടികൾ സ്വീകരിക്കേണ്ടതാണ്. വനം വകുപ്പിന്റെ നേതൃത്വത്തിൽ ശബരീജലം എന്ന പേരിൽ പ്ലാസ്റ്റിക് കുപ്പികളിൽ കുടിവെള്ളം വിതരണം ചെയ്യുന്നുണ്ടെങ്കിലും പ്ലാസ്റ്റിക് വേസ്റ്റ് ഒഴിവാക്കുന്നതിന് ഉപയോഗിച്ചു കഴിഞ്ഞ കുപ്പി ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റികൾ വഴി ഒരു രൂപാ നിരക്കിൽ തിരികെ വാങ്ങുന്നുണ്ട്. ഇത് ശബരിമല സീസൺ സമയത്ത് ഒരു വരുമാന മാർഗ്ഗം ആകുന്നതിനാൽ ടി പ്ലാസ്റ്റിക് കുപ്പി വനമേഖലയിൽ ഉണ്ടാകുവാനുള്ള സാദ്ധ്യത വളരെ കുറവാണ്. പരമ്പരാഗതപാതയിലെ മാലിന്യങ്ങൾ സീസൺ കഴിയുമ്പോൾ തന്നെ ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റിയുടെ നേതൃത്വത്തിൽ നിർമ്മാർജ്ജനം ചെയ്യുന്നുണ്ട്. പ്ലാസ്റ്റിക് മാലിന്യം ശേഖരിച്ച് സംസ്കരിച്ച് ഒഴിവാക്കുന്ന ഒരു സ്ഥിരം സംവിധാനം ദേവസ്വം ബോർഡിന്റെ ഭാഗത്തുനിന്നു കൂടി ഏർപ്പെടുത്തുവാനുള്ള നടപടികൾ ആവശ്യമാണ്.

### തദ്ദേശസ്വയംഭരണ വകുപ്പ്

നമ്പർ 19642/ഡിസി1/2011/ത.സ്വ.ഭ.വ. തീയതി 8-2-2013

പമ്പ, സന്നിധാനം എന്നിവിടങ്ങളിൽ കഴിഞ്ഞ സീസണിൽ പ്ലാസ്റ്റിക് ക്യാരി ബാഗുകളുടെ വില്പനയും ഉപയോഗവും നിരോധിച്ചിരുന്നു. ഇത് നടപ്പിലാക്കുവാൻ ബോർഡ് ട്രാവൻകൂർ ദേവസ്വം ബോർഡിന് നിർദ്ദേശം നൽകിയിരുന്നു. കൂടാതെ പമ്പയിൽ കുപ്പിവെള്ളം വിതരണം ചെയ്യുന്ന കൺസ്യൂമർഫെഡ് വഴി ഉപയോഗശേഷമുള്ള ബോട്ടിലുകൾ തിരികെ എടുക്കണമെന്ന നിർദ്ദേശം നൽകുകയും അത് നടപ്പിലാക്കുകയും ചെയ്തു. കൂടാതെ പ്ലാസ്റ്റിക് പൗച്ചുകളിൽ shampoo, liquid soap എന്നിവ വിൽക്കുന്നത് ഈ പ്രദേശങ്ങളിൽ ബാൻ ചെയ്യുകയോ കുറയ്ക്കുകയോ ചെയ്യുവാൻ വേണ്ടതായ നടപടികൾ എടുക്കുവാൻ മലിനീകരണ നിയന്ത്രണബോർഡ് Drugs Controller-ക്ക് നിർദ്ദേശം നൽകി. എന്നാൽ അവ കുറയ്ക്കുവാൻവേണ്ട നടപടികൾ എടുക്കുവാൻ ദേവസ്വം ബോർഡിനെ സമീപിക്കാനാണ് Drugs Controller അറിയിച്ചത്. പ്ലാസ്റ്റിക് പൗച്ചുകൾ പമ്പാനദിയിൽ ഒഴുക്കുന്നത് മലിനീകരണ നിയന്ത്രണ ബോർഡ് നിരോധിച്ചിട്ടുണ്ട്.

### പരിസ്ഥിതി വകുപ്പ്

നമ്പർ 900/എ 2/12/പരി. തീയതി 12-4-2012

പമ്പ, സന്നിധാനം എന്നിവിടങ്ങളിൽ കഴിഞ്ഞ സീസണിൽ പ്ലാസ്റ്റിക് ക്യാരി ബാഗുകളുടെ വില്പനയും ഉപയോഗവും നിരോധിച്ചിരുന്നു. ഇത് നടപ്പിലാക്കുവാൻ ബോർഡ് ട്രാവൻകൂർ ദേവസ്വം ബോർഡിന് നിർദ്ദേശം നൽകിയിരുന്നു. കൂടാതെ പമ്പയിൽ കുപ്പിവെള്ളം വിതരണം ചെയ്യുന്ന കൺസ്യൂമർഫെഡ് വഴി ഉപയോഗശേഷമുള്ള ബോട്ടിലുകൾ തിരികെ എടുക്കണമെന്ന നിർദ്ദേശം നൽകുകയും അത് നടപ്പിലാക്കുകയും ചെയ്തു. കൂടാതെ വർണ്ണപ്പൊടികൾ പ്ലാസ്റ്റിക് കവറുകളിലാക്കിയുള്ള വിൽപ്പന നടക്കുന്നില്ലെന്ന് ഉറപ്പുവരുത്തണമെന്ന് എരുമേലി ഗ്രാമപഞ്ചായത്തിന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. പ്ലാസ്റ്റിക് പൗച്ചുകൾ പമ്പാനദിയിൽ ഒഴുക്കുന്നത് ബോർഡ് നിരോധിച്ചിട്ടുണ്ട്.

ശിപാർശ 41

ആചാരാനുഷ്ഠാനങ്ങളുടെ ഭാഗമായി ഭക്തജനങ്ങൾ ഉപയോഗിക്കുന്ന വർണ്ണപ്പൊടികൾ വിഷാംശം അടങ്ങിയതാണെന്ന് സമിതി വിലയിരുത്തി. ഇത്തരം വർണ്ണപ്പൊടികളുടെ ഉപയോഗം കർശനമായി നിരോധിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

**വനം വന്യജീവി വകുപ്പ്**

നമ്പർ 8609/ഡി3/2011/വനം തീയതി 17-11-2012

വനം വകുപ്പിന് ബാധകമല്ല.

**തദ്ദേശസ്വയംഭരണ വകുപ്പ്**

നമ്പർ 19642/ഡിസി1/2011/ത.സ്വ.ഭ.വ. തീയതി 8-2-2013

മലിനീകരണ നിയന്ത്രണ ബോർഡ്, ഭക്തജനങ്ങൾ ഉപയോഗിക്കുന്ന ഭസ്മംപോലുള്ള നിറമുള്ള പൊടികളുടെ സാമ്പിൾ ശേഖരിച്ച് പരിശോധിക്കുകയുണ്ടായി. അതിൽ ഘനലോഹങ്ങളുടെ സാന്നിദ്ധ്യം കണ്ടെത്തിയതിനാൽ ഘനലോഹങ്ങളും രാസവസ്തുക്കളും അടങ്ങിയ കളർപൊടികൾ വ്യാപാരം ചെയ്യുന്നത് നിരോധിക്കുക, പ്രകൃതിദത്തമായ കളർപൊടികൾ (ചെറിയ paper cover വഴി) മാത്രം വിൽക്കുവാൻ അനുവദിക്കുക, കളർപൊടിയുടെ പരസ്യമായ bulk loose storage നിരോധിക്കുക, paper cover-കളിൽ നിർമ്മാതാവിന്റെ വിശദവിവരങ്ങൾ ഉള്ളവമാത്രം വിൽക്കാൻ അനുവദിക്കുക, ഇതോടൊപ്പം ഇവയിൽ നിരോധിത വസ്തുക്കൾ അടങ്ങിയിട്ടില്ല എന്ന സത്യവാങ്മൂലം ഉൾപ്പെടുത്തുക എന്നീ നിർദ്ദേശങ്ങൾക്കുവിധേയമായി മാത്രം വർണ്ണപ്പൊടികളുടെ വിൽപ്പന അനുവദിക്കുന്നതിനും നിയന്ത്രിക്കുന്നതിനും ബോർഡ് എരുമേലി ഗ്രാമപഞ്ചായത്ത് അധികൃതർക്ക് നിർദ്ദേശം നൽകി. വർണ്ണപ്പൊടികൾ ധാരാളം ഭക്തജനങ്ങൾ ഉപയോഗിക്കുന്നതിനാൽ കുളിക്കുമ്പോൾ ഇവ നദീജലത്തിൽ കലരുകയും ഇതുമൂലം നദീജലം മലിനീകരിക്കപ്പെടുകയും ചെയ്യുന്നതായി കണ്ടെത്തിയിരുന്നു. കുങ്കുമം മുതലായ വർണ്ണപ്പൊടികൾ കോസ്മെറ്റിക്സ് വിഭാഗത്തിൽപ്പെടുന്നതിനാൽ അവയുടെ വില്പന നിരോധിക്കേണ്ടത് Drugs Controller ആണ്. ആയതിനാൽ ബോർഡ് ഇക്കാര്യം സൂചിപ്പിച്ച് വേണ്ട നടപടി എടുക്കുവാൻ Drugs Controller-നോട് ആവശ്യപ്പെട്ടിരുന്നു.

കൂടാതെ സന്നിധാനത്ത് ഭസ്മക്കുളത്തിൽ ഭക്തജനങ്ങൾ കുങ്കുമം തേച്ച് കുളിക്കുന്നതുമൂലം വെള്ളം മലിനമാകുന്നത് കുറയ്ക്കുവാനായി സന്നിധാനത്ത് ഷവർ ബാത്ത് സംവിധാനം ബോർഡ് നിർദ്ദേശം നൽകിയതനുസരിച്ച് ട്രാവൻകൂർ ദേവസ്വം ബോർഡ്

നടപ്പിലാക്കിയിരുന്നു. ഈ സംവിധാനത്തിലൂടെ കുങ്കുമം തേച്ചുകുളിക്കുന്ന ഭക്തർക്ക് ആദ്യം ഷവർ ബാത്തിൽ കുളിക്കുകയും അതിനുശേഷം ഭസ്മക്കുളത്തിൽ കുളിക്കുവാനുള്ള സൗകര്യം ഒരുക്കിയിരുന്നു. അതുവഴി ഭസ്മക്കുളത്തിലെ ജലമലിനീകരണത്തിന്റെ തോത് മുൻ കാലങ്ങളിൽ ഉള്ളതിനേക്കാൾ ഗണ്യമായി കുറയ്ക്കുവാൻ കഴിഞ്ഞു.

**പരിസ്ഥിതി വകുപ്പ്**

നമ്പർ 900/എ 2/12/പരി. തീയതി 12-4-2012

സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കോട്ടയം ജില്ലാ മെഡിക്കൽ ആഫീസർ, സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് എന്നിവരുടെ റിപ്പോർട്ടും ശിപാർശയും പരിഗണിച്ച് അപകടകരമായ രാസവസ്തുക്കൾ അടങ്ങിയ വർണ്ണപ്പൊടികളുടെ ഉപയോഗം നിരോധിക്കുകയും ഓർഗാനിക് വർണ്ണപ്പൊടികളുടെ ഉപയോഗം സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയും ചെയ്തു. ഇതു സംബന്ധിച്ച 17-10-2013-ലെ ജി. ഒ. (എംഎസ്.) 10/13/പരി. നമ്പർ ഉത്തരവിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു (അനുബന്ധം).

കുങ്കുമം തേച്ചു കുളിക്കുന്ന ഭക്തർക്ക് ആദ്യം ഷവർ ബാത്തിൽ കുളിക്കുന്നതിനും അതിനുശേഷം ഭസ്മക്കുളത്തിൽ കുളിക്കുവാനുള്ള സൗകര്യം ഒരുക്കിയിട്ടുണ്ട്. അതുവഴി ഭസ്മക്കുളത്തിലെ ജലമലിനീകരണത്തിന്റെ തോത് മുൻകാലങ്ങളിൽ ഉള്ളതിനേക്കാൾ ഗണ്യമായി കുറയ്ക്കുവാൻ കഴിഞ്ഞു.

<u>ശിപാർശ 42</u>

പമ്പയിലും ശബരിമല സന്നിധാനത്തും ഓരോ സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള ടെണ്ടർ നടപടി സ്വീകരിച്ചതായും നാഷണൽ എൻവയോൺമെന്റൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ പരിശോധനയിലാണെന്നും സമിതിയെ ബോധ്യപ്പെടുത്തി. പല സ്ഥലത്തും സ്ഥാപിച്ചിട്ടുള്ള സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ പ്രവർത്തനരഹിതമായതിനാൽ ടെണ്ടർ സമർപ്പിച്ചിട്ടുള്ള ഏജൻസികൾ നിർമ്മിച്ച പ്ലാന്റുകൾ പ്രവർത്തനക്ഷമമാണോയെന്ന് പരിശോധിച്ചു മാത്രമേ പ്രവർത്തനാനുമതി നൽകാവൂയെന്ന് സമിതി നിർദ്ദേശിക്കുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

**ജലവിഭവ (ജലവിതരണ-സി) വകുപ്പ്**

ഗവ. കത്ത് നമ്പർ 8767/സി1/11/ജ.വി.വ. തീയതി 28-11-2011

പമ്പയിലും സന്നിധാനത്തും ഓരോ ട്രീറ്റ്മെന്റ് പ്ലാന്റുകൾ നിർമ്മിക്കുന്നതിന് വാട്ടർ അതോറിറ്റി നടപടികൾ എടുത്തുവരുന്നു. ഇവയുടെ ടെണ്ടർ ക്ഷണിച്ചു. നിർദ്ദിഷ്ട പ്ലാന്റുകളുടെ രൂപകല്പനയും ട്രീറ്റ്മെന്റ് രീതികളും പഠിച്ച് ഫലപ്രദമായ രീതിയിൽ പ്രവർത്തിപ്പിക്കുവാനുള്ള സാങ്കേതിക സഹായം നൽകുവാൻ കാൺപൂരിലുള്ള നാഷണൽ എൻവയോൺമെന്റ് ആന്റ് എഞ്ചിനീയറിംഗ് ഇൻസ്റ്റിറ്റ്യൂട്ടിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

**വനം വന്യജീവി വകുപ്പ്**

ഗവ. കത്ത് നമ്പർ 8609/ഡി3/2011/വനം തീയതി 17-11-2012

വനം വകുപ്പിന് ബാധകമല്ല.

**ജലവിഭവ (ഐ.ആർ.) വകുപ്പ്**

നമ്പർ 8689/ഐ.ആർ.3/2011/ജ.വി.വ. തീയതി 2-12-2012

സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ പ്രവർത്തനക്ഷമമാണോയെന്ന് പരിശോധിച്ചതിനു ശേഷം മാത്രമേ ബോർഡ് പ്രവർത്തനാനുമതി നൽകുകയുള്ളൂ.

**തദ്ദേശസ്വയംഭരണ വകുപ്പ്**

നമ്പർ 19642/ഡിസി1/2011/ത.സ്വ.ഭ.വ. തീയതി 8-2-2013

സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ പ്രവർത്തനക്ഷമമാണോയെന്ന് പരിശോധിച്ചതിനു ശേഷം മാത്രമേ മലിനീകരണ നിയന്ത്രണ ബോർഡ് പ്രവർത്തനാനുമതി നൽകുകയുള്ളൂ.

**പരിസ്ഥിതി വകുപ്പ്**

നമ്പർ 900/എ 2/12/പരി. തീയതി 12-4-2012

സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ പ്രവർത്തനക്ഷമമാണോയെന്ന് പരിശോധിച്ചതിനു ശേഷം മാത്രമാണ് ബോർഡ് പ്രവർത്തനാനുമതി നൽകുന്നത്.

ശിപാർശ 43

ശബരിമലയുടെയും പമ്പയുടെയും വികസനപ്രവർത്തനങ്ങൾ വിവിധവകുപ്പുകളുടെ സംയോജിത പ്രവർത്തനഫലമാണ്. എന്നാൽ വിവിധ ഘട്ടങ്ങളിലായി സമിതി സന്ദർശിക്കുന്ന സമയത്ത് അത്തരമൊരു കൂട്ടായ പ്രവർത്തനങ്ങളുടെ അഭാവം കാണാനിടയായിട്ടുണ്ട്. ശബരിമലയിലെയും പമ്പയിലെയും വികസനപ്രവർത്തനങ്ങൾ സുഗമമായി നിർവ്വഹിക്കുന്നതിനുള്ള മാസ്റ്റർ പ്ലാൻ നടപ്പാക്കുന്നതിന് ഒരു ഹൈപ്പവർ കമ്മിറ്റി നിലവിലുണ്ട്. ഈ കമ്മിറ്റി താഴെത്തട്ടിലെ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് നടപ്പാക്കുന്നതിന് മുൻകൈ എടുക്കണം. മാസ്റ്റർ പ്ലാൻ നടപ്പാക്കുന്ന കാര്യത്തിൽ തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ ഭാഗത്തുനിന്നും ഗൗരവതരമായ സമീപനം വേണം. മാസ്റ്റർ പ്ലാൻ നടപ്പാക്കുന്നതിന് തിരുവിതാംകൂർ ദേവസ്വം ബോർഡ്, വനം വന്യജീവി, റവന്യൂ, ജലവിഭവം തുടങ്ങിയ വകുപ്പുകളുടെ പ്രധാന ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി സംയോജിതമായി ആലോചിച്ച് ടാസ്ക് ഫോഴ്സ് രൂപീകരിച്ച് സമയബന്ധിതമായി നടപ്പിലാക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കണമെന്ന് ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

**വനം വന്യജീവി (ഡി) വകുപ്പ്**

നമ്പർ 8609/ഡി3/2011/വനം തീയതി 17-11-2013

ശബരിമല മാസ്റ്റർ പ്ലാൻ സമയബന്ധിതമായി നടപ്പാക്കുന്നതിന് ഇതുമായി ബന്ധപ്പെട്ട വകുപ്പുകളുടെ സംയോജിത പ്രവർത്തനം അനിവാര്യമാണ്. ഇതിനായി വനം വകുപ്പിന്റെ ഭാഗത്തുനിന്നും ഉള്ള എല്ലാവിധ സഹകരണവും ഉണ്ടാകുന്നതിനുള്ള നടപടികൾ യഥാസമയം സ്വീകരിക്കുന്നുണ്ട്.

## അദ്ധ്യായം III

## ഇനിയും മറുപടി ലഭിക്കാനുള്ള ശിപാർശ

### ശിപാർശ 39

പമ്പയിലും ശബരിമലയിലും സീസൺ സമയത്ത് ടോയ്‌ലെറ്റുകൾ വൃത്തിയാക്കുന്ന കാര്യത്തിൽ വീഴ്ച സംഭവിക്കുന്നതുകാരണം ഭക്തർക്ക് വളരെ ബുദ്ധിമുട്ടുണ്ടാകുന്നത് സമിതിയുടെ ശ്രദ്ധയിൽപ്പെട്ടു. ആയതിനാൽ, സീസൺ കാലത്ത് ടോയ്‌ലെറ്റുകൾ യഥാസമയം വൃത്തിയാക്കുന്നുവെന്ന് ഉറപ്പുവരുത്താൻ തദ്ദേശസ്വയംഭരണ വകുപ്പ് ഉദ്യോഗസ്ഥരും ആരോഗ്യവകുപ്പ് പ്രവർത്തകരും ശ്രദ്ധ്കാന്തി കാണിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

**വനം വന്യജീവി വകുപ്പ്**

നമ്പർ 8609/ഡി3/2011/വനം തീയതി 17-11-2012

വനം വകുപ്പിന് ബാധകമല്ല.

വനം വന്യജീവി വകുപ്പിൽ നിന്നും ലഭിച്ച റിപ്പോർട്ട് സമിതി പരിഗണിച്ചു. ശിപാർശയിന്മേൽ സ്വീകരിച്ച നടപടി സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് 26-7-2011 മുതൽ നിരവധി കത്തുകളയച്ചിട്ടും റിപ്പോർട്ട് ലഭ്യമാക്കാത്തതിൽ കടുത്ത അതൃപ്തി പ്രകടിപ്പിച്ച സമിതി മറുപടി ലഭിക്കാനുള്ള ശിപാർശയിന്മേലുള്ള നടപടി സംബന്ധിച്ച റിപ്പോർട്ട് തദ്ദേശസ്വയംഭരണം, ആരോഗ്യകുടുംബക്ഷേമം എന്നീ വകുപ്പുകൾ അടിയന്തരമായി ലഭ്യമാക്കണമെന്ന് ശിപാർശ ചെയ്യുന്നു.

സി. പി. മുഹമ്മദ്,

*അദ്ധ്യക്ഷൻ,*

*പരിസ്ഥിതി സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,
2014 ഒക്ടോബർ 15.

അനുബന്ധം

GOVERNMENT OF KERALA

**Abstract**

ENVIRONMENT DEPARTMENT—SABARIMALA PILGRIMAGE—ERUMELI PETTA THULLAL—MEASURES FOR ENVIRONMENTAL UPKEEP—SALE AND USE OF COLOURED SUBSTANCES WITH DANGEROUS CHEMICALS—BANNED—ORDERS ISSUED

ENVIRONMENT (A) DEPARTMENT

G.O. (Ms.) No.10/13/Envt. *Dated, Thiruvananthapuram, 17th October, 2013.*

*Read* :—(1) G.O. (Ms.) No. 06/11/Envt. dated 16-11-2011.

(2) G.O. (Ms.) No. 323/2011/LSGD dated 27-12-2011.

(3) G.O. (Ms.) No. 06/12/Envt. dated 31-3-2012.

(4) G.O. (Ms.) No. 09/2013/Envt. dated 25-9-2013.

ORDER

Sabarimala Pilgrimage, brings along with it certain environmental and public health concerns, which have been and are being deliberated annually but persist. The State Pollution Control Board in the pre pilgrimage meeting held on 30-10-2009, brought out the issue of pollution of the streams of Erumeli due to the coloured powders used by pilgrims as Kumkum (കുങ്കുമം) for the ritualistic 'Petta Thullal' at Erumeli. The solution suggested was setting up bath showers to remove the colours before they enter the streams for ritualistic bathing. Travancore Devaswom Board was entrusted to arrange this. Later the Committee on Environment of the Kerala Legislative Assembly visited Erumeli and found that the issue is persisting. The Committee in its 10th report submitted on 23-2-2011 reported that the coloured powders used by pilgrims for rituals contain toxic substances and recommended the use of such powders shall be strictly prohibited. On 13-6-2012, there came an order of the High Court of Kerala in DBP 113/2012 highlighting the adverse effects of the colours used for

'Petta Thullal', on environment. The High Court directed Travancore Devaswom Board and Government Departments to immediately bring out guidelines and standards for colouring materials etc. be given effect to in full swing from the ensuing season onwards (11/2012). The Court also directed to ban use of plastic sachets for packing of shampoo for removal of the colours before bathing.

2. Reports on ill effects of coloured powders used by the pilgrims have been obtained from Director of Health Services, Drugs Controller, Pollution Control Board and District Medical Officer, Kottayam. Certain newspaper reports on the adverse effects of cosmetics (for human use) on animals and human beings have also come to the notice of Government. It has been scientifically established that the colours used by pilgrims for 'Petta Thullal' at Erumeli contains substances, mainly heavy metals (Iron, Lead, Copper, Manganese, Cadmium, Nickel). Reports of District Medical Officer, Kottayam, and Drugs Controller reveal that what is used as Kumkum, is not at all Kumkum (കുങ്കുമം) and what is sold as Kumkum for smearing by the pilgrims, is not permissible.

3. The Pollution Control Board has in its reports on Environmental issues at Erumeli during the Sabarimala season of 2011-2012 and 2012-2013 detected heavy metals even in the mud from Erumeli thodu where the pilgrims bath after 'Petta Thullal'. These toxic residues could reach Manimala river. It is informed that the coloured powder is creating impacts on water bodies and the environment. Pollution Control Board has recommended in both the reports that sale of the coloured powders should be restricted to organic colours to avoid air and water pollution and use of small shampoo sachets (plastic) be banned. In fact Pollution Control Board had by its notification No. PCB/HO/PLA/GEN/2010, dated 22-11-2010, banned the sale and use of plastic carry bags and dumping of plastic materials including PET bottles and sachets/pouches into the water bodies and open areas in areas including Erumeli. But the subsequent reports of pollution Control Board reveal that it failed to enforce the statutory ban under the Environment (Protection) Act.

4. Traditional Kumkum was of plant origin. Kumkum was also made mixing slaked lime with turmeric (മഞ്ഞളും ചുണ്ണാമ്പും). Nowadays synthetic Sindoor and Kumkum are prevalent which is usually powdered naturally occuring

substances containing chemicals. Traditional Kumkum is not toxic whereas the chemical pigments are. It is a fact that these pigments are smeared on the body of the unsuspecting devotees. Rather than pollution, the adverse effect on human beings calls for attention in this matter.

5. Even though Pollution Control Board has banned plastic sachets in Erumeli in 2010 it had little effect due to absence of any enforcement mechanism. As per direction of the Hon'ble Supreme Court plastic sachets/pouches containing Pan parag/Gutka has been banned. Similarly Government is of the view that sale of plastic sachets/pouches containing pigments, shampoo and oil be banned in Erumeli during Sabarimala pilgrimage season. Government vide Order read as 2nd paper above has imposed total ban on plastic in places of tourism/ environment importance in the State.

6. Government having examined the matter, in pursuance of the direction of the Hon'ble High Court, recommendation of the Legislature Committee, Drugs Controller, District Medical Officer, Kottayam and State Pollution Control Board are pleased to issue the following guidelines on sale and use of coloured substances in connection with Sabarimala Pilgrimage and Erumeli Petta Thullal, in the environmental and public health point of view.

(i) Erumeli Grama Panchayat shall ensure that sale of coloured pigments in plastic sachets/pouches is not taking place during Sabarimala season, and such a condition shall be included in the licenses being issued for regular shops in the Panchayat.

(ii) For sale of 'Kumkum' containing any chemical substances in connection with 'Petta Thullal', license of Erumeli Grama Panchayath shall be obtained by the trader. Sale of any pigment as Kumkum or otherwise to Sabarimala pilgrims without such a license shall not be allowed.

(iii) 'Kumkum' being sold by licensed traders including footpath vendors shall conform to IS 10999: 1999 or that for the time being in force.

(iv) Pigments ostensibly being sold as Kumkum for 'Petta Thullal' at Erumeli, violating the above condition shall be confiscated and action shall be

taken to cancel the license given.

(v) Government have given ₹ 5 crore in 2011-12 for 'Sabarimala Zerowaste ' programme out of which about ₹ 4.3 crore are remaining with District Collector, Pathanamthitta. This amounts shall be used, also for such conscientisation advertisements through media, State Pollution Control Board should issue such advertisements and also publicity materials as ordered in para 7 of G.O. (Ms.) No. 6/11/Envt. dated 6-11-2011.

(vi) The services of volunteers for zero waste programme at Erumeli may be utilised for preventing sale of chemically made pigments as Kumkum and sale of shampoo/hair oil in plastic sachets/pouches.

(vii) *There shall be no ban on sale and use of organic/natural products and substances as colour for 'Petta Thullal'.*

(viii) Pollution Control Board in association with Health Department should ensure that pigments harmful to human beings and environment in any manner is not sold at Erumeli and Kumkum being sold conform to IS 10999:1999 or the specification for the time being in force. Any violation shall be reported to Erumeli Grama Panchayat and action against the vendor as per statutory provisions shall be ensured.

(ix) Travancore Devaswom Board shall provide ample shower bath facilities at Erumeli, along with facility to treat the waste water separately, to avoid water pollution.

(x) Erumeli thodu shall be cleaned properly before the season, by Erumeli Grama Panchayat to ensure free flow of water.

(xi) Erumeli Grama Panchayat shall provide sufficient collection bins for plastics, containers, paper and other wastes at all necessary locations and dispose of scientifically.

(xii) Travancore Devaswom Board may provide bulk shampoo or liquid soap dispensing arrangements at the bathing ghats in Erumeli, for use of pilgrims.

(xiii) Pollution Control Board shall test air and water for determination of

pollution, identifying the potential sources and report to Erumeli Grama Panchayat which should take action as enjoined by law.

(xiv) Funds being sanctioned by Government in connection with Sabarimala Pilgrimage may be utilised for the above purposes also.

(xv) In case of violation of the above guidelines, Pollution Control Board shall initiate action under the relevant statutes against whoever is responsible and ensure that the pollution is stopped then and there.

7. All the departments concerned and enforcement agencies shall see that the above guidelines are followed scrupulously.

8. The Pollution Control Board shall state the actions executed by each department/institution as per this order in the annual report being prepared in connection with the Sabarimala Pilgrimage.

By order of the Governor,

*G. Rajeev,*
*Additional Secretary.*

To

The Secretary, Kerala Legislative Assembly (with C/L)

The Registrar, High Court of Kerala (with C/L)

The President, Travancore Devaswom Board (with C/L)

The Commissioner, Travancore Devaswom Board

The Chairman, Kerala State Pollution Control Board, Thiruvananthapuram

The State Police Chief, Police Headquarters, Thiruvananthapuram

The Director, Directorate of Environment and Climate Change, Thiruvananthapuram-13

The Director of Panchayath, Public Office Building, Thiruvananthapuram-33

The Director of Municipalities, Public Office building, Thiruvananthapuram-33

The District Collector, Pathanamthitta/Kottayam

The District Police Superintendent, Alappuzha/Pathanamthitta/Kottayam

The Managing Director, Kerala Water Authority, Thiruvananthapuram

The District Medical Officer, Pathanamthitta/Kottayam

The District Environmental Engineer, Kerala State Pollution Control Board, Pathanamthitta/Kottayam/Alappuzha

The Secretary, Grama Panchayat, Ranni-Perunad, Erumeli, Pandalam

The Secretary, Chengannur Muncipality, Chengannur

The General Secretary, 'Pampa Parirakshana Samithi', Prasanth, Maramon P.O., Pathanamthitta-689 549

The General Secretary, Ayyappa Seva Sangham, Fort (P.O.), Thiruvananthapuram-23

Local Self Government Department

Revenue (Devaswom) Department

Forest Department

Water Resources Department

Public Relations Department

P.A. to Principal Secretary, Home Department

P.A. to Additional Chief Secretary, Environment Department

P.A. to Secretary, Revenue (Devaswom) Department

Stock file/Office copy.